## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 606** **10-02-2025 - ൽ മറുപടിയ്ക്ക്**

## പുല്ലുപാറയിലെ ഭൂമി കിൻഫ്ര ഏറ്റെടുത്ത് വ്യവസായ പാർക്ക് ആക്കി മാറ്റുന്നത് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിലെ ഭൂമി കിൻഫ്ര ഏറ്റെടുത്ത് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ ഇൻഫർമേഷൻ ടെക്നോളജി പാർക്കിനു വേണ്ടി ഏറ്റെടുത്തിരുന്ന ഭൂമി വ്യവസായ പാർക്ക് നടത്തുന്നതിനായി കിൻഫ്ര ഏറ്റെടുക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 7-10-2021 - ന് വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ഭൂമിയുടെ അനുയോജ്യത, സംരംഭകരുടെ ലഭ്യത, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി ഒരു Feasibility Report സമർപ്പിക്കാനും പ്രസ്തുത ഭൂമി SEZ പരിധിയിലുള്ളതാണോ എന്ന് പരിശോധിക്കുകയും ആണെങ്കിൽ ഭൂമി Non SEZ ആക്കി മാറ്റാതെ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നിലവിലെ പ്രായോഗിക തടസ്സങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമാക്കി റിപ്പോർട്ട് സമർപ്പിക്കാനും എം.ഡി കിൻഫ്രയെ ചുമതലപ്പെടുത്തുകയുണ്ടായി. ആയത് പ്രകാരം കിൻഫ്ര സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടിൽ പ്രസ്തുത സ്ഥലം പൊതു വിഭാഗത്തിലുള്ള ചെറിയ വ്യവസായ പാർക്കുകൾക്ക് അനുയോജ്യമാണെന്ന് ശിപാർശ ചെയ്തിരുന്നു.<br><br>എരമം-കുറ്റൂർ, ചീമേനി എന്നി സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ഐ.ടി പാർക്ക് പ്രത്യേക സാമ്പത്തിക മേഖല (SEZ) പദവിയുള്ള പ്രദേശമാണെന്നും പ്രത്യേക സാമ്പത്തിക മേഖല (SEZ) പദവിയുള്ള പ്രദേശങ്ങളിൽ ജനറൽ കാറ്റഗറി വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നത് നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി കഴിയുന്നതല്ലെന്നും SEZ മേഖലകളിൽ എക്സ്പോർട്ട് അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് മാത്രമേ പ്രവർത്തനാനുമതി നൽകുവാൻ കഴിയുള്ളൂവെന്നും ജനറൽ കാറ്റഗറി, മറ്റു തീം ബേസ്ഡ് പാർക്കുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ മാർക്കറ്റ് |

പൂർണമായും തദ്ദേശീയമായ വിപണി അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായതിനാൽ SEZ പദവി ഇല്ലാതിരിക്കുമ്പോഴാണ് വ്യവസായികൾക്ക് നിക്ഷേപം നടത്താനുള്ള സാധ്യത മുന്നിട്ടു നിൽക്കുന്നതെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും മാറ്റിയെടുക്കുവാൻ തീരുമാനിച്ചു. പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ വകുപ്പിലേയും, ഐ.ടി. വകുപ്പിലേയും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 09-01-2024-ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗതീരുമാനപ്രകാരം ഭൂമി പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും ഒഴിവാക്കിയെടുക്കുന്നതിനായി ചെലവാക്കുന്ന 1,87,06,820/- രൂപ കമ്പനികൾ തമ്മിൽ ഒപ്പുവയ്ക്കുന്ന MoU-ലെ വ്യവസ്ഥകൾക്ക് വിധേയമായി കിൻഫ്ര, കെ.എസ്.ഐ.ടി.ഐ.എൽ-ന് കൈമാറുകയും പ്രത്യേക സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട് ലഭ്യമായ നികുതിയിളവുകൾ എല്ലാം തന്നെ ബന്ധപ്പെട്ട വകുപ്പിലേക്ക് കെ.എസ്.ഐ.ടി.ഐ.എൽ തിരിച്ചടച്ച നോ ഡ്യൂ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ഡി-നോട്ടിഫിക്കേഷൻ നടപടി പൂർത്തീകരിക്കുകയും ചെയ്തു.

പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിന് മുൻപായി ഭൂമി കൈമാറ്റം എപ്രകാരമെന്നത് സംബന്ധിച്ചും ഭൂമിയുടെ മൂല്യത്തിനനുസരിച്ച് കെ.എസ്.ഐ.ടി.ഐ.എൽ-ന് തുക നൽകുന്ന വിഷയത്തിലും തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്. കൈമാറ്റം ചെയ്യുമ്പോൾ ഭൂമിയുടെ മൂല്യത്തിനനുസരിച്ച് കെ.എസ്.ഐ.ടി.ഐ.എൽ-ന് തുക നൽകുവാൻ കൈക്കൊള്ളേണ്ട നടപടി സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുവാനും ഐ.ടി പാർക്കിനായി നിർമ്മിച്ച കെട്ടിടങ്ങളിൽ ചുറ്റുമതിൽ ഉൾപ്പെടെ ഏതൊക്കെ കെട്ടിടങ്ങൾ കിൻഫ്രയ്ക്ക് ആവശ്യമാണെന്നും ആയതിന് എത്ര തുകയാണ് കിൻഫ്ര കെ.എസ്.ഐ.ടി.ഐ.എൽ ന് നൽകേണ്ടത് എന്നുമുള്ള വിഷയങ്ങളിൽ കെ.എസ്.ഐ.ടി.ഐ.എൽ.-ഉം കിൻഫ്രയും തമ്മിൽ ചർച്ച ചെയ്ത് നിർദ്ദേശം സമർപ്പിക്കുവാനും മാനേജിംഗ് ഡയറക്ടർ - കെ.എസ്.ഐ.ടി.ഐ.എൽ., മാനേജിംഗ് ഡയറക്ടർ- കിൻഫ്ര എന്നിവർക്ക് നിർദേശം നൽകിയിരുന്നു. അപ്രകാരം ലഭ്യമായ പ്രൊപ്പോസൽ ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യാ വകുപ്പ് പരിശോധിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഭൂമിയുടെ സെസ് പദവി ഡീനോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്; |
| (സി) | പ്രസ്തുത ഭൂമി വ്യവസായ പാർക്ക് ആക്കി മാറ്റാൻ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാനം നടപ്പിലാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര വാണിജ്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് ഡി-നോട്ടിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നതിനാലാണ് പ്രസ്തുത ഭൂമി വ്യവസായ പാർക്ക് ആക്കി മാറ്റുന്നതിൽ കാലതാമസം നേരിട്ടത്. ഭൂമി കൈമാറ്റം എപ്രകാരമെന്നത് സംബന്ധിച്ചും ഭൂമിയുടെ മൂല്യത്തിനനുസൃതമായി കെ.എസ്.ഐ.ടി.ഐ.എൽ-ന് തുക നൽകുന്നത് സംബന്ധിച്ചും ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ വകുപ്പ് തീരുമാനമെടുത്ത്, ഭൂമി വ്യവസായ വകുപ്പിന് കൈമാറിനൽകുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയിൽ കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ